ജിയോക്യാം സോഫ്റ്റ് വെയർ സംവിധാനം

45 [642] ശ്രീ. റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ :

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിയോക്യാം സോഫ്റ്റ് വെയർ സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സംവിധാനത്തിന്റെ സവിശേഷതകൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എന്തുതുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്തുവകുപ്പിലെ റോഡ് സേഫ്റ്റി എൻജിനീയർമാരുടെയും, പോലീസിന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സഹായത്തിനായി റോഡ് അപകടങ്ങളുടെ വിവരശേഖരണത്തിനും അപഗ്രഥനത്തിനുമായി ഉപയോഗിക്കാനുള്ള ഉപകരണമാണ് ജിയോക്യം. കേരള സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ ഈ സോഫ്റ്റ് വെയർ മുഖേന അപകട റിപ്പോർട്ട് തയ്യാറാക്കുന്നു. ഈ സംവിധാനം ഉപയോഗപ്പെടുത്തി അപകടസ്ഥലങ്ങളെപ്പറ്റി പല അടിസ്ഥാന വിവരങ്ങളും അവയുടെ ഗ്രാഫിക്കൽ ഡിസ്പ്ലേയും ലഭിക്കുന്നതാണ്.

(സി) 23,00,000 രൂപ.

(ഡി) ഈ സംവിധാനം തിരുവനന്തപുരം സിറ്റിയിൽ ഭാഗികമായി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. ഡിജിറ്റൽ ഭൂപടം ഉള്ള ജില്ലകളിൽ 3 മാസത്തിനുള്ളിലും ബാക്കിയുള്ള ജില്ലകളിൽ ഒരുവർഷത്തിനകവും പ്രാവർത്തികമാക്കാം.

ദേശീയപാതയിൽ റിഫ്ളക്ടർ, സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് നൽകിയ കരാർ

46 [643] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിൽ റിഫ്ളക്ടർ, സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിന് കരാർ നൽകിയത് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly